"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗം-ജീവനക്കാര്യം-ശ്രീമതി ഹസീന സി.എച്ച്-ന്റെ ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2925/2025/LSGD തീയതി,തിരുവനന്തപുരം, 05-12-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 646/2024/ത.സ്വ.ഭ.വ തീയതി 16.03.2024
2. അക്കൗണ്ടന്റ് ജനറലിന്റെ 14.07.2025 തീയതിയിലെ GE19/B/1012206/TPH-04/98938/331 നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.09.2025 തീയതിയിലെ LSGD/PD/17619/2025-DEH2 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ പരാമർശം (1) പ്രകാരം ടൗൺപ്ലാനറായി സ്ഥാനകയറ്റം ലഭിച്ച് 27.03.2024 പൂർവാഹ്നം മുതൽ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. ഹസീന സി.എച്ച് (പെൻ: 604522)-ന്റെ പ്രസ്തുത തസ്തികയിലെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

ടിയാൾ പ്രൊബേഷനെ ബാധിക്കുന്ന തരത്തിൽ അവധിയൊന്നും വിനിയോഗിച്ചിട്ടില്ലെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാളുടെ സ്വഭാവവും ജോലിയും തൃപ്തികരമാണെന്നും, ടിയാൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിയോ, വിജിലൻസ് കേസുകളോ നിലവിൽ ഇല്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ 27.03.2024 ടൗൺ പ്ലാനർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ഹസീന സി.എച്ച് (പെൻ: 604522)-ന്റെ ടി തസ്തികയിലെ നിരീക്ഷണകാലം കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 27.09.2024 പൂർവാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

2) ശ്രീമതി. ഹസീന സി.എച്ച്, ടൗൺ പ്ലാനർ,തദ്ദേശ സ്വയംഭരണ വകുപ്പ് (വിജിലൻസ് വിംഗ്) , സ്വരാജ് ഭവൻ, തിരുവനന്തപുരം

(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം)

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്, തിരുവനന്തപുരം

4) വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

5) ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

6) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 05-12-2025 17:10:22